(3) കണ്ണൂർ സെൻട്രൽ ജയിലിൽ കെ. പി. രവീന്ദ്രൻ എന്ന തടവുകാരൻ കൊലചെയ്യപ്പെട്ടതു സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, കഴിഞ്ഞ ഏപ്രിൽ മാസം 6-ാം തീയതിയാണ് കണ്ണൂർ സെൻട്രൽ ജയിലിൽ മേപ്പയൂർ മണ്ഡലത്തിലെ കക്കട്ടിൽ സ്വദേശിയായ കെ. പി. രവീന്ദ്രൻ ആർ.എസ്.എസ്. ക്രിമിനലുകളാൽ ഏറ്റവും ക്രൂരമായി വധിക്കപ്പെട്ടത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് രാഷ്ട്രീയ കേസിൽ ശിക്ഷിക്കപ്പെട്ട് ഹൈക്കോടതി അപ്പീലിൽ ഇരിക്കെ തന്നെ ഒരാളെ ഏറ്റവും ക്രൂരമായിട്ട് വധിക്കുന്നത്. 8-ാം ബ്ലോക്കിൽ നിന്ന് രവീന്ദ്രൻ താമസിക്കുന്ന സ്ഥലത്തേക്ക് അര കിലോമീറ്റർ ദൂരം ഉണ്ടായിരുന്നു. ആ അര കിലോമീറ്റർ 12-ഓളം ക്രിമിനലുകൾ ഓടിവന്ന് പുറമെ നിന്നിരുന്ന രവീന്ദ്രനെ വളഞ്ഞ് വെട്ടിക്കൊലപ്പെടുത്തി. ഒരു ജയിൽ ഉദ്യോഗസ്ഥനും അത് നോക്കാനോ തടയാനോ നിന്നിരുന്നില്ല. ഏറ്റവും ക്രൂരമായിട്ടുള്ള ഈ കൊലപാതകത്തിന്റെ പിന്നിൽ വലിയ ഗൂഢാലോചന നടന്നു. അതുപോലെ തന്നെ ജയിൽ അധികൃതരുടെ ഒത്താശയും ഉണ്ടായിരുന്നു. ഇത് സംബന്ധിച്ചുള്ള അന്വേഷണം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ? അവരുടെ അമ്മയും ഭാര്യയും പെറ്റീഷൻ കൊടുത്തിട്ടുണ്ട്. എം.എൽ.എ. എന്ന നിലയിൽ ഞാനും പെറ്റീഷൻ കൊടുത്തിട്ടുണ്ട്. മാറാട് 10 ലക്ഷം രൂപയും ഒരു കുടുംബാംഗത്തിന് ജോലിയും കൊടുത്ത ഗവൺമെന്റ് ഈ നിരാലംബ കുടുംബത്തിന്, ഗവൺമെന്റ് സംരക്ഷണം കൊടുക്കാൻ ബാദ്ധ്യതപ്പെട്ട, ജയിലിൽ വച്ച് മരണപ്പെട്ട ആ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കണം. ആ വീട്ടിൽ ഒരാൾക്ക് ജോലി കൊടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഭവം വളരെ ദാരുണമായ ഒന്നാണ്. ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവമായിട്ടാണ് എടുക്കുന്നത്. 302-ാം വകുപ്പനുസരിച്ച് കേസ് എടുത്തു. ഈ കേസിൽപ്പെട്ട 31 തടവുകാരായ പ്രതികളെ പ്രൊഡക്ഷൻ വാറന്റ് പുറപ്പെടുവിച്ച് കോടതി മുമ്പാകെ വരുത്തി അറസ്റ്റ് ചെയ്തിട്ടുള്ളതും ഇപ്പോൾ റിമാന്റിൽ കഴിയുകയുമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ, ആ കുടുംബത്തെ സഹായിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ജയിലിൽ വച്ചുണ്ടായ മരണത്തെ സംബന്ധിച്ച്, കുടുംബത്തിന് സഹായം നൽകുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി പരിഗണിച്ചുവരികയാണെന്ന് പറഞ്ഞു. ഇത് കുറച്ചുകൂടി വ്യക്തമായി പറയാമോ? കൊല്ലങ്ങൾ വരെ നീണ്ടുപോകുന്നതാണ് പരിഗണനയും പരിശോധനയും.

ശ്രീ. എ. കെ. ആന്റണി: കേസ് എടുത്തിട്ടുണ്ട്. മറ്റു കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly